(എഫ്) 1-1-2000-ലെ അസംബ്ലി വോട്ടർ പട്ടിക വാർഡ് അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. വാർഡുകൾ പുനർനിർണയം നടത്തിയതിനാൽ പ്രസ്തുത വോട്ടർ പട്ടിക അടിസ്ഥാന രേഖയായി സ്വീകരിച്ച്, വാർഡ് പുനർനിർണയത്തിനുശേഷം നിലവിൽ വന്ന പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ വാർഡുകൾ അനുസരിച്ച് ക്രമീകരിച്ചാൽ മാത്രമേ ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ അപ്രകാരം നടപടി സ്വീകരിച്ചുവരികയാണ്.

എൻട്രൻസ് ഉത്തര സൂചികയിലെ തിരുത്തൽ

24(*114) ശ്രീ. എ. കെ. മണി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയുടെ ഉത്തര സൂചിക എത്ര പ്രാവശ്യം പ്രസിദ്ധീകരിച്ചു ;

(ബി) ഈ ഉത്തര സൂചിക ഒന്നിലധികം പ്രാവശ്യം പ്രസിദ്ധീകരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) രണ്ടാമത് പ്രസിദ്ധീകരിച്ച ഉത്തര സൂചികയിലും എൻട്രൻസ് പരീക്ഷയുടെ ചോദ്യത്തിലും തെറ്റുണ്ടെന്ന് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും മേൽ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) രണ്ട് പ്രാവശ്യം.

(ബി) ആദ്യം ഉത്തര സൂചിക തയ്യാറാക്കി പ്രസിദ്ധീകരിച്ചപ്പോൾ വിവിധ വെർഷൻ ചോദ്യങ്ങളുടെ ഉത്തരങ്ങൾ അതാത് വെർഷനുകളുടെ സൂചികകളുമായി ക്രമീകരിച്ചപ്പോൾ മാറിപ്പോവുകയും ശരിയായ സൂചിക വീണ്ടും പ്രസിദ്ധപ്പെടുത്തുകയാണുണ്ടായത്.

(സി&ഡി) പരാതികൾ ലഭിച്ചിട്ടുണ്ട്. അവ ക്രോഡീകരിച്ച് വിദഗ്ദ്ധ സമിതിക്ക് കൊടുത്ത് പരാതി സംബന്ധിച്ചുള്ള നിജസ്ഥിതി അറിയാനുള്ള നടപടികൾ പരീക്ഷാ കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്.

പ്ലസ് ടു കോഴ്സ് അനുവദിച്ചതിലുള്ള അപാകത

25(*115) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly